LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

24 (716) ശ്രീ. ടി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട്ചെയ്യാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ് ;

(ബി) 2011 മേയ് മുതൽ നാളിതുവരെ ആരോഗ്യവകുപ്പിൽ എത്ര ജീവനക്കാരെ നിയമിച്ചു ;

(സി) വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഒഴിവുകൾ റിപ്പോർട്ട്ചെയ്യുവാൻ പ്രത്യേക നിർദ്ദേശം നൽകുമോ ;

(ഡി) സർക്കാർ ആശുപത്രികളിലെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കും ;

(ഇ) PHC, CHC തുടങ്ങിയ വിവിധ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് മൂന്ന് മാസത്തിലൊരിക്കൽ ബോധവത്ക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വയനാട് ജില്ലയിലെ കരിങ്കൂപനി

25 (717) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ വനത്തോട്ചേർന്നുള്ള മേഖലകളിൽ താമസിക്കുന്നവർക്ക് കരിങ്കൂപനി പടർന്നു പിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ജില്ലയിൽ എത്രപേർക്ക് കരങ്ങുപനി പടർന്നുപിടിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർ മരണപ്പെട്ടെന്നും വ്യക്തമാക്കുമോ ;

(സി) കരങ്ങുപനി നിയന്ത്രണ വിധേയമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുൽപ്പള്ളി പൂതാടി, ചേതാലയം, മുള്ളങ്കൊല്ലി എന്നീ പ്രദേശങ്ങളിൽ ഫയർലൈൻ വർക്കിൽ ഏർപ്പെട്ടിരുന്നവർക്കാണ് ഈ രോഗബാധ ശ്രദ്ധയിൽപ്പെട്ടത്. നിലവിൽ 89 പേർക്ക് രോഗബാധ സംശയിക്കുകയും, 36 പേർക്ക് രോഗം സ്ഥിരീകരിക്കുകയും, 5 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) വയനാട് ജില്ലയിലെ പുൽപ്പള്ളിയിൽ 3-3-2015 വരെ 13 പേർക്കും, മുള്ളങ്കൊല്ലിയിൽ 18 പേർക്കും, ചേതാലയത്ത് 8 പേർക്കും, പൂതാടിയിൽ 48 പേർക്കും നൂൽപ്പുഴയിൽ 2 പേർക്കും കരങ്ങുപനി ബാധയുള്ളതായി സംശയിക്കുന്നു. ഇതിൽ പുൽപ്പള്ളിയിൽ 7 പേർക്കും, മുള്ളങ്കൊല്ലിയിൽ 8 പേർക്കും, ചേതാലയത്ത് 2 പേർക്കും, പൂതാടിയിൽ 18 പേർക്കും നൂൽപ്പുഴയിൽ ഒരാൾക്കും കരങ്ങുപനി സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട് (ആകെ 36 പേർക്ക്) പൂതാടി പ്രദേശത്ത് 5 പേർ മരണപ്പെട്ടിട്ടുണ്ട്.

(സി) കരങ്ങുപനി നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

- ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അടിയന്തര പ്രാധാന്യത്തോടെ രോഗ നിർണ്ണയം, ചികിൽസാപ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവ നടന്നുവരുന്നു. വനംവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, ആരോഗ്യം, ത്രിതല പഞ്ചായത്തുകൾ, ടൈബൽ വകുപ്പ് മുതലായ വകുപ്പുകൾ സഹകരിച്ച് സജീവമായി പ്രവർത്തിക്കുന്നു.
- സംസ്ഥാനതല വിദഗ്ധ സംഘം, മെഡിക്കൽ കോളേജ് ടീം, ന്യൂഡൽഹിയിൽനിന്നും എത്തിയ വിദഗ്ധൻ, മണിപ്പാൽ വൈറോളജി ലാബിലെ വിദഗ്ധ രക്തപരിശോധനാസംഘം മുതലായവർ രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പഠനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.
- ബഹു. ആരോഗ്യവകുപ്പ് മന്ത്രി, ബഹു.പട്ടികവർഗ്ഗ യുവജനക്ഷേമ മന്ത്രി, വയനാട് പാർലമെന്റ് അംഗം എന്നീ പ്രമുഖർ രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും, നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

- കരങ്ങുപനി ബാധിച്ച് മരിച്ചവരുടെ ബന്ധുക്കൾക്കും രോഗബാധിതർക്കും പ്രത്യേക സാമ്പത്തികസഹായം നൽകാൻ ധാരണയായി. രോഗ ചികിൽസാകാലയളവിലേക്ക് ആവശ്യമായ ഭക്ഷ്യധാന്യ വിതരണം ഉറപ്പാക്കിയിട്ടുണ്ട്.
- രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് 25 ലക്ഷം രൂപ ജില്ലയ്ക്ക് അനുവദിച്ചു.
- 19-2-2015-ന് കരങ്ങുപനിയുടെ വിവിധ വശങ്ങളെക്കുറിച്ച് കർണ്ണാടക സംസ്ഥാനത്തെ വിദഗ്ദ്ധരുമായി ഒരു കൂടിയാലോചനായോഗം സുൽത്താൻ ബത്തേരിയിൽ ചേരുകയും തുടർനടപടികൾക്ക് മാർഗ്ഗരേഖയുണ്ടാക്കുകയും ചെയ്തു.
- ഫെബ്രുവരി 16 മുതൽ 19 വരെ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം) ജില്ലയിൽ ക്യാമ്പ് ചെയ്ത് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.
- മൃഗസംരക്ഷണ വകുപ്പും, ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി ചേർന്ന് കുരങ്ങ് മരണമുണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലങ്ങളിൽ അണുനശീകരണ പ്രവർത്തനങ്ങൾ (ടിക് കൺട്രോൾ) നടത്തി വരുന്നു.
- രോഗബാധ സാധ്യതയേറെയുള്ള പ്രദേശങ്ങളിലെ ആളുകൾക്ക് പ്രതിരോധ വാക്സിൻ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- സുൽത്താൻബത്തേരി താലൂക്ക് ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി, പുൽപ്പള്ളി, പൂതാടി, മുള്ളൻകൊല്ലി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രതിരോധത്തിനും ചികിൽസയ്ക്കും പ്രത്യേക ഊന്നൽ നൽകി പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കണ്ണറ മണ്ഡലത്തിലെ കിഡ്നി, ക്യാൻസർ രോഗബാധിതർ

26 (718) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണറ മണ്ഡലത്തിലും സമീപപ്രദേശങ്ങളിലും അടുത്തകാലത്തായി കിഡ്നി, ക്യാൻസർ രോഗബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly